കൊണ്ട് മണ്ണ് നീക്കം ചെയ്ത് ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചില കനാലുകളിലെ ചെളി നീക്കം ചെയ്യലും കാട് വെട്ടിത്തെളിക്കലുമൊക്കെ നടത്തിവരുന്നു.

14. ഭരണാനുമതി

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ചീമേനി ഡാം പദ്ധതിയിലെ സുപ്രധാന നിർദ്ദേശങ്ങളാണ് കാനത്തോട്, നെല്ലായിക്കടവ് ഇറിഗേഷൻ റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ. ഈ രണ്ട് പദ്ധതികൾക്കും ഭരണാനുമതി ലഭിക്കുകയും തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിവൈസ്ഡ് ഭരണാനുമതിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ രണ്ട് റഗുലേറ്റർ-കം-ബ്രിഡ്ജുകൾക്കും പുതുക്കിയ ഭരണാനുമതി നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 2-11-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 4.3 കോടി രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി വർക്കിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിച്ചത് ഇൻവെസ്റ്റിഗേഷന് മുമ്പുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. ടി വർക്കിന് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. ഡിസൈൻ അനുസരിച്ച് 2015-ലെ എസ്.ഒ. പ്രകാരം 13 കോടി രൂപയുടെ പുതിയ പ്രൊപ്പോസൽ 13-8-2012-ൽ സർക്കാരിന് ലഭിക്കുകയുണ്ടായി. എന്നാൽ 2-11-2009-ൽ ലഭിച്ച ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ അനുമതി നൽകിയില്ല. പിന്നീട് ഡി.എസ്.ആർ. 13 പ്രകാരം സിവിൽ വർക്കിനുള്ള 17 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും മെക്കാനിക്കൽ പാർട്ടിന്റെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. ഇപ്പോൾ പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു ; ഏകദേശം 23 കോടിരൂപ ആകുമെന്ന് പ്രതീക്ഷിക്കുന്നു. ടി എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷം പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നെല്ലായിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിനുവേണ്ടി വിശദമായ പര്യവേഷണവും രൂപകൽപ്പനയും പൂർത്തിയാക്കി നിലവിലുള്ള ഡി.എസ്.ആർ. പ്രകാരം 15 കോടി രൂപയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly